### പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### ഐ.എ.വൈ. ഭവനപദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3241

29.01.2014 ൽ മറുപടിക്ക്

ചോദ്യം. | ഉത്തരം.

| ശ്രീ. വി. ശശി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഐ.എ.വൈ. ഭവനപദ്ധതി പ്രകാരം എത്ര ഭവനങ്ങൾ നിർമ്മിക്കാനായിരുന്നു 2012-13-ലും 2013-14-ലും ലക്ഷ്യമിട്ടതെന്ന് വർഷംതിരിച്ച് വ്യക്തമാക്കാമോ; | (എ) | 2012-13 വർഷത്തിൽ 59620 വീടുകളും, 2013-14 വർഷത്തിൽ 45738 വീടുകളും |
| (ബി) | പ്രസ്തുത ഓരോ വർഷവും എത്ര വീടുകളുടെ നിർമ്മാണം ഏറ്റെടുത്തുവെന്നും എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | 2012-13 വർഷത്തിൽ 44902 വീടുകളുടെ നിർമ്മാണം ഏറ്റെടുക്കുകയും 35010 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2013-14 വർഷത്തിൽ 30373 വീടുകളുടെ നിർമ്മാണം ഏറ്റെടുക്കുകയും ഇതുവരെ സ്പിൽ ഓവർ ഉൾപ്പെടെ 30561 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ; | (സി) | ഏറ്റെടുത്ത വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. |
| (ഡി) | ഐ.എ.വൈ. പദ്ധതി നടപ്പാക്കാൻ കേന്ദ്ര-സംസ്ഥാനഫണ്ടുകൾ യഥാസമയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ഐ.എ.വൈ. പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ യഥാസമയം ലഭിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതിപ്രകാരം വിവിധ വിഭാഗം ജനങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കാമോ; ഇതിൻമേൽ ഉയർന്നുവന്ന വിവാദം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ? | (ഇ) | ഐ.എ.വൈ. പദ്ധതിയിൽ ഒറ്റ സാമ്പത്തിക വർഷത്തിലെ ആകെ ഭൗതിക ലക്ഷ്യത്തിന്റെ 60% എസ്.സി./എസ്.റ്റി. വിഭാഗത്തിനും, 15% ന്യൂനപക്ഷ വിഭാഗങ്ങൾക്കും നീക്കിവച്ചതിനുശേഷം ബാക്കി പൊതുവിഭാഗത്തിനുമായി നീക്കിവെയ്ക്കുന്നു. ആകെയുള്ളതിന്റെ 3% വികലാംഗരായ ഗുണഭോക്താക്കൾക്ക് നൽകേണ്ടതുമാണ്.പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ